പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5750 09/07/2012 ൽ മറുപടിക്ക്

## പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ജീവനക്കാരുടെ കാര്യക്ഷമത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.പി.അബ്ദുസ്സമദ് സമദാനി<br>ശ്രീ.കെ.എം. ഷാജി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.സി.മോയിൻകുട്ടി | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എ&ബി കീഴിലെ കാര്യാലയങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് സംഘടിപ്പിക്കാറുള്ളതെന്ന് വിശദമാക്കുമോ ;<br><br>ബി) ഇതിനായി പ്രത്യേകസംവിധാനം വിദ്യാഭ്യാസ വകുപ്പിൽ പ്രവർത്തിക്കുന്നുണ്ടോ ; | പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കാര്യാലയങ്ങളിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവധതരം പരിശീലന പരിപാടികൾ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ കീഴിലുള്ള ഓഫീസുകളിലും നടത്തി വരുന്നുണ്ട്.<br>വകുപ്പ് തലത്തിൽ കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി, സൂപ്പർവൈസറി വിഭാഗം, ക്ലറിക്കൽ വിഭാഗം , ക്ലാസ്സ് ഫോർ വിഭാഗം എന്ന് മൂന്നായി തരംതിരിച്ച് ഡയറക്ടറുടെ കാര്യാലയത്തിലും 14 ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുകളിലും പരിശീലനം നടത്തി വരുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (ഐ.എം.ജി), പുരാവസ്തു വകുപ്പ്, ഐ.ടി.മിഷൻ, ഐ.ടി.@സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പരിശീലനങ്ങൾ ജീവനക്കാർക്ക് നൽകി വരുന്നു. |

| | | | |
|---|---|---|---|
| സി) | വിദ്യാഭ്യാസ കാര്യാലയ ജീവനക്കാരും, അദ്ധ്യാപകരും തമ്മിലുള്ള ബന്ധം കൂടുതൽ സൗഹൃദപൂർവ്വമാക്കാൻ ഉദ്ദേശിച്ച് എന്തെങ്കിലും പരിപാടി സംഘടിപ്പിക്കാറുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ? | സി | ഉണ്ട്. |

സെക്ഷൻ ഓഫീസർ